# <u>രക്തം ദാനം ചെയ്ത് സ്മരണപുതുക്കി</u>





പോലീസ് കൊമ്മെമ്മറേഷൻ ദിനത്തോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസിൻെറ നേതൃത്വത്തിൽ ജില്ലയിലുടനീളവും, ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ചും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു വരുന്നതിൻെറ ഭാഗമായി ഇന്ന് ആലുവ ഗവൺമെൻറ് ജില്ലാ ആശുപത്രി പരിസരത്ത് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിൽ വച്ച് രക്തദാന ക്യാമ്പ് നടത്തി.

രാജ്യമെങ്ങും ഒക്ടോബർ 21 നാണ് പോലീസ് സ്മരണാദിനമായി ആചരിക്കുന്നത്. 1959 ലെ ചൈന – ഇന്ത്യ പ്രശ്നത്തിൽ ലഡാക്ക് അതിർത്തിൽ വച്ച് വീരമൃത്യു വരിച്ച 10 പോലീസുകാരുടെ സ്മരണാർത്ഥമാണ് എല്ലാ വർഷവും സ്മരണ പുതുക്കൽ ചടങ്ങ് നടക്കുന്നത്. ഓരോ വർഷവും ഡ്യൂട്ടിക്കിടയിൽ മരണപ്പെട്ട മുഴുവൻ സേനാംഗങ്ങളുടെയും പേരുവിവരവും, വീരമൃത്യുവിനിടയാക്കിയ സംഭവവും രാജ്യത്തെ സേനാംഗങ്ങളെയെല്ലാം അറിയിക്കുന്നതോടൊപ്പംതന്നെ, മരണപ്പെട്ടവരെ സ്മരിക്കുന്നതിനും വേണ്ടിയാണ് പോലീസ് കൊമ്മെമ്മറേഷൻ ദിനാചരണം നടത്തുന്നത്. ആലുവ ബ്ലഡ് ബാങ്ക് പരിസരത്ത് സംഘടിപ്പിച്ച രക്തദാന ക്യാമ്പിൻെറ ഉദ്ഘാടന ചടങ്ങിൽ ആലുവ ഈസ്റ്റ് പോലീസ് ഇൻസ്പെക്ടർ എസ്.എച്ച്.ഒ വിശാൽ ജോൺസൺ സ്വാഗത പ്രസംഗം നടത്തി. ആലുവ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ് അദ്ധ്യക്ഷത വഹിച്ച ചടങ്ങ് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി രാഹുൽ ആർ.നായർ IPS ഉത്ഘാടനം ചെയ്തു. IMA ബ്ലഡ് ബാങ്ക് ഇൻചാർജ്ജ് ഡോ.എൻ.വിജയകുമാർ, ആലുവ ഗവൺമെൻറ് ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ.വി.ഡി. അനിൽ കുമാർ എന്നിവർ

ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ എം.എസ്.ഫൈസൽ കൃതജ്ഞത രേഖപ്പെടുത്തി. ചടങ്ങിൽ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരും. ആലുവ ഗവ.ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡൻറ്റ് പോലീസ് കേഡറ്റുകളും, പൊതുജനങ്ങളും പങ്കെടുത്തു. രക്തസാക്ഷികളുടെ സ്മരണ പുതുക്കുന്ന വേളയിൽ പൊതു സമൂഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും ഉദാത്തവും ക്രിയാത്മകവുമായ ഈ രക്തദാന ക്യാമ്പിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എന്നനിലയിൽ അഭിമാനിക്കുന്നു എന്ന് ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ പോലീസ് മേധാവി അഭിപ്രായപ്പെട്ടു.

ഇന്ന് സംഘടിപ്പിച്ച രക്തദാന ക്യാമ്പിൻെറ ആദ്യഘട്ടമായി അമ്പതോളം പേർ രക്തം ദാനം ചെയ്തു. കൊമെമ്മറേഷൻ ദിനത്തോടനുബന്ധിച്ച് ഇന്ന് എറണാകുളം റൂറൽ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ പോലീസ് സേനാംഗങ്ങൾ സജീവമായി പങ്കെടുക്കുകയും രക്തം ദാനം ചെയ്യുകയുമുണ്ടായി. പെരുമ്പാവൂർ സബ് ഡിവിഷൻ പോലീസ് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIMS) എറണാകുളം, IMA പെരുമ്പാവൂർ, പെരുമ്പാവൂർ താലൂക്ക് ഗവഃ ആശുപത്രി എന്നീ സ്ഥാപനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ 17.10.21018 തീയ്യതി ബുധനാഴ്ച രാവിലെ 08.30 മുതൽ പെരുമ്പാവൂർ താലൂക്ക് ഗവഃ ആശുപത്രിയിൽ വച്ച് Blood Donation Camp സംഘടിപ്പിച്ചു.